# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3300      22.08.2017 -ലെ മറുപടിയ്ക്ക്

## മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി

*ചോദ്യം*

ശ്രീ. സി. മമ്മൂട്ടി

*ഉത്തരം*

ശ്രീ പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം സർവ്വകലാശാലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ മുഖ്യമന്ത്രിക്ക് സ്ഥലം എം. എൽ. എ. യിൽ നിന്നും ലഭിച്ച പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ബഹു. മുഖ്യമന്ത്രിയ്ക്ക് സ്ഥലം എംഎൽഎ നൽകിയ പരാതി, ബഹു. മുഖ്യമന്ത്രി സമക്ഷം സമർപ്പിച്ച സമാന പരാതികൾ എന്നിവയിൽ മലപ്പുറം ജില്ല കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | സെന്റ് ഒന്നിന് 3000/- മുതൽ 9000/- വരെയുള്ള വിലക്ക് വാങ്ങിയ ഭൂമി സെന്റ് ഒന്നിന് 1,60,000/- രൂപ വില നിശ്ചയിച്ച് മലപ്പുറം DLPC സർക്കാരിലേക്ക് ശിപാർശ ചെയ്യുകവഴി കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കാനിടയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ; | (ബി) | ലാൻഡ് അക്വിസിഷൻ ഓഫീസറായ തിരൂർ എൽ. എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർ സമർപ്പിച്ച അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരൂർ താലൂക്കിലെ വെട്ടം വില്ലേജിൽ നിന്നും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നതിനുവേണ്ടി 17.02.2016 തീയതിയിൽ ജില്ലാതല വില നിർണ്ണയ സമിതി യോഗം ചേർന്ന് സെന്റ് ഒന്നിന് 1,70,000/- രൂപ പ്രകാരം വില നിശ്ചയിച്ച് എസ്. എൽ. ഇ. സി. അംഗീകാരത്തിനായി 23.06.2016 സമർപ്പിച്ചിരുന്നു. മലയാളം സർവ്വകലാശാലയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള തിരൂർ താലൂക്കിലെ വെട്ടം വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 17.21 ഏക്കർ |

| | | | |
|---|---|---|---|
| | | | സ്ഥലത്തിന്റെ വില സംബന്ധിച്ച് റീ നെഗോഷ്യേറ്റ് ചെയ്ത് ഇപ്പോൾ നിശ്ചയിച്ച വിലയിൽ നിന്നും പരമാവധി കുറയ്ക്കാനാകുമോ എന്ന വിവരം അറിയിക്കുവാൻ **26/04/2017** തീയതിയിലെ ബി**2/37/2017/**ഉവിവ നമ്പർ ഗവ. കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ **30.05.2017** തീയതിയിൽ ജില്ലാതല വില നിർണ്ണയ സമിതി യോഗം വീണ്ടും ചേർന്ന് സെന്റ് ഒന്നിന് **1,60,000/-** രൂപ പ്രകാരം വില നിർണ്ണയിച്ച് എസ്.എൽ.ഇ.സി. യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലാ കളക്ടർ സർക്കാരിലേയ്ക്കയച്ച ശിപാർശയിൽ മേൽ സൂചിപ്പിച്ച ഭൂമി തണ്ണീർത്തടവും, കണ്ടൽകാടും നിറഞ്ഞതും നിർമ്മാണ യോഗ്യമല്ലാത്തതും ആണെന്ന സ്പെഷ്യൽ തഹസിൽദാറുടെയും ഫിനാൻസ് ഓഫീസറുടെയും റിമാർക്സ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി ഒഴിവാക്കി നിർമ്മാണ യോഗ്യമായ കരഭൂമി ഇതിനായി കണ്ടെത്താൻ നടപടി സ്വീകരിക്കുമോ ; | (സി) | ഉണ്ട്.<br>പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ പരാതികൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഭൂമി മലയാളം സർവ്വകലാശാലയ്ക്ക് വേണ്ടി ഏറ്റെടുക്കുന്നത് | (ഡി) | സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് വിവാദങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സർവ്വകലാശാലയുടെ ശുപാർശയും, ജില്ലാ കളക്ടറുടെ റിപ്പോർട്ടും അംഗീകരിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് മുൻപ് |

| | | | |
|---|---|---|---|
| | ഉചിതമല്ലെന്ന് അറിയിച്ചുകൊണ്ട് സർവ്വകലാശാല വൈസ് ചാൻസലർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | | റവന്യൂ, മരാമത്ത്, പരിസ്ഥിതി എന്നീ മേഖലകളിൽ നിന്നുള്ള സമിതി പരിശോധന നടത്തി ആശങ്കകൾ ദൂരീകരിക്കണമെന്നതാണ് വൈസ് ചാൻസലറുടെ ശുപാർശ. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഇ) | മലയാളം സർവ്വകലാശാലയ്ക്ക് നിലവിൽ ശിപാർശ ചെയ്തതിനേക്കാളും കുറഞ്ഞ വിലക്ക് കരഭൂമി നൽകാൻ ആരെങ്കിലും സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; ആയത് റവന്യൂ അധികാരികൾ അടങ്ങിയ കമ്മിറ്റിയാണോ പരിശോധിച്ചത്; | (ഇ) | ഉണ്ട്.<br>പ്രസ്തുത വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി വിട്ടു നൽകാൻ തയ്യാറാണെന്ന് കാണിച്ചു കൊണ്ട് തിരൂർ ബെഞ്ച്മാർക്ക് എജ്യൂക്കേഷൻ ട്രസ്റ്റിന്റെ അപേക്ഷ പരിശോധിക്കുകയും മലയാളം സർവ്വകലാശാല വൈസ് ചാൻസലർ. സാങ്കേതിക സമിതിയെ നിയോഗിച്ച് പഠനം നടത്തുകയും നിലവിൽ എസ്. എൽ.ഇ.സി. മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള ഭൂമി അനുയോജ്യമാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | കുറഞ്ഞ വിലയ്ക്ക് നിർമ്മാണ യോഗ്യമായ കരഭൂമി കണ്ടെത്തി മലയാളം സർവ്വകലാശാലയ്ക്ക് ആവശ്യമായ ക്യാമ്പസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**